പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2369**

**07.02.2019 - ൽ മറുപടിക്ക്.**

**മാലിന്യ സംസ്കരണത്തിനായുള്ള ഉപകരണങ്ങളുടെ വ്യാവസായിക നിർമ്മാണം**

| ചോദ്യം<br>ശ്രീ. കെ. എൻ. എ. ഖാദർ | | മറുപടി<br>**ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
|---|---|---|
| (എ) | സംസ്ഥാനത്തുണ്ടാകുന്ന നഗര മാലിന്യങ്ങളുടെ 25% മാത്രം ശേഖരിക്കാനുള്ള ശേഷി മാത്രമേ കേരളത്തിനുള്ളൂ എന്ന പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി ചെറിയ പ്ലാന്റുകളും മറ്റുപകരണങ്ങളും വ്യാവസായികമായി നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതികൾ വ്യവസായ വകുപ്പ് തയ്യാറാക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായുള്ള ശ്രമങ്ങൾ നടത്തുമോ ; | (എ) : 11/06/2018-ലെ 82/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട് കോഴിക്കോട്, മലപ്പുറം, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന അന്തരാഷ്ട്ര നിലവാരത്തിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ഏജൻസിയ്ക്ക് സ്ഥലം പാട്ട വ്യവസ്ഥയിൽ ലഭ്യമാക്കി പൂർണ്ണമായും പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും പദ്ധതിയുടെ നടത്തിപ്പ്. |
| (ബി) | അശാസ്ത്രീയമായ രീതിയിൽ ഖര മാലിന്യങ്ങളും ആശുപത്രി മാലിന്യങ്ങളും കൈകാര്യം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി മറ്റു രാജ്യങ്ങളിലെ മാതൃകകൾ പരിശോധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് നിലവാരമുള്ള ഇൻസിനറേറ്ററുകൾ തദ്ദേശീയമായ രീതിയിൽ നിർമ്മിച്ചെടുക്കാൻ വ്യവസായ വകുപ്പ് മുൻകൈയെടുക്കുമോ ? | (ബി) : ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

ജെ/04/02/19